Language Code : **09**

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

# SED-24-II

**प्रश्न-पत्र-II / PAPER-II**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

**मुख्य परीक्षा पुस्तिका संख्या / Main Test Booklet No.**

**मुख्य परीक्षा पुस्तिका कोड / Main Test Booklet Code**

# D

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं OMR उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **D**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, OMR उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/marking responses in the OMR Answer Sheet.
5. The CODE for this Language Booklet is **D**. Make sure that the CODE printed on **Side-2** of the OMR Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

Language Code : **09**

# SED-24-II

പരീക്ഷാ ചെറുപുസ്തക സങ്കേതം

**D**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

**പേപ്പർ-II**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ** :

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **D** ആണ്. നിങ്ങളുടെ OMR ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള ആതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടിവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) (ചോദ്യം *91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) (ചോദ്യം *121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II തിരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി ഏടുത്തിരിക്കുന്നത് ആതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) : ____________________

: (അക്ഷരത്തിൽ): ____________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ____________ ഇൻവിജിലേറ്ററുടെ ഒപ്പ് : ____________

Facsimile signature stamp of
Centre Superintendent ____________________

**ഭാഷ - I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV**(**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

## PART-IV
## LANGUAGE-I
## MALAYALAM

| |
|---|
| **ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക. |

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(91-99)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

പടയണിയിലെ വിനോദങ്ങളും ജനതയുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുന്നവയാണ്. വിനോദങ്ങൾക്ക് അനുഷ്ഠാനപരമായ ദൗത്യമില്ലെന്നതും ശ്രദ്ധേയമാണ്. പടയണിയിൽ പങ്കുചേരുന്ന ഭിന്നജാതികൾക്കു പുറത്തുള്ളവരാണ് വിനോദങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്നത്. ഇവരാകട്ടെ അധികവും അന്യദേശങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരുമാണ്. വ്യതിരിക്തസ്വഭാവത്തെ പരിഹസിക്കുകയെന്നത് മനുഷ്യസ്വഭാവമാണ്. പടയണിയിലെ വിനോദങ്ങളുടെ പിന്നിലുള്ള പ്രചോദനവും ഇതാണ്. 'അന്തോണി' ക്രിസ്തുമതവിശ്വാസിയെയും 'തങ്ങൾ' ഇസ്ലാംമതവിശ്വാസിയെയും പരദേശി തമിഴ്ബ്രാഹ്മണനെയും 'ശർക്കരക്കുടക്കാരൻ' തമിഴ്ചെട്ടിയെയും 'കൊങ്ങിണിപ്പട്ടർ' തുളുബ്രാഹ്മണനെയും പ്രതിനിധീകരിക്കുന്നവരാണ്. 'മാസപ്പടി' ഗവൺമെന്റ് ഉദ്യോഗത്തിൽ പുതിയതായി പ്രവേശിച്ച ആളാണ്. ജനതയ്ക്ക് ഗവൺമെന്റ് ഉദ്യോഗസ്ഥനും ആദ്യകാലത്ത് വ്യതിരിക്തസ്വഭാവത്തിന്റെ ഉടമയായിരുന്നു. ഇവരുടെ അവതരണത്തിലൂടെ ഓരോ ജനവിഭാഗത്തിന്റെയും സ്വഭാവത്തെ എടുത്തുകാട്ടുവാനും പരിഹസിക്കുവാനും ശ്രമിക്കുന്നു എന്നതാണ് പടയണിയിലെ വിനോദങ്ങളിൽ പ്രത്യക്ഷമായി കാണുന്നത്.

**91.** 'പരദേശി' പടയണിയിൽ പ്രതിനിധാനം ചെയ്യുന്നത് ?
(1) തുളുബ്രാഹ്മണനെ
(2) ക്രിസ്തുമതവിശ്വാസിയെ
(3) തമിഴ്ബ്രാഹ്മണനെ
(4) ഇസ്ലാംമതവിശ്വാസിയെ

**92.** 'സാമൂഹികസാംസ്കാരികതകൾ' സന്ധി ഏത് ?
(1) ആഗമം
(2) ആദേശം
(3) ദ്വന്ദ്വൻ
(4) ദ്വിത്വം

**93.** പടയണിയിലെ സർക്കാർ ഉദ്യോഗസ്ഥനായ കഥാപാത്രം ?
(1) ശർക്കരക്കുടക്കാരൻ
(2) അന്തോണി
(3) മാസപ്പടി
(4) തങ്ങൾ

**94.** 'വ്യത്യസ്തത' എന്നയർത്ഥത്തിൽ ഖണ്ഡികയിൽ ഉള്ള വാക്ക് ?
(1) വ്യതിരിക്തം
(2) പ്രവേശിച്ച
(3) ശ്രമിച്ച
(4) ശ്രദ്ധേയ

**95.** പടയണിയിലെ വിനോദങ്ങൾക്ക് പ്രേരണ എന്ത് ?
(1) പരിഹാസം
(2) വെളിച്ചം
(3) ദൗത്യം
(4) പ്രചോദനം

**96.** പടയണിയിലെ വിനോദത്തിൽ പങ്കെടുക്കുന്നവർ ?
(1) തന്നാട്ടുകാർ
(2) വിധേയന്മാർ
(3) പരദേശികൾ
(4) അധീശന്മാർ

97. ഈ ഗദ്യഭാഗത്തിൽ പരാമർശിക്കുന്ന വിഷയം ?
(1) അനുഷ്ഠാന കലയിലെ സമൂഹ വിരുദ്ധത.
(2) അനുഷ്ഠാന കലയിലെ മേൽക്കോയ്മ
(3) അനുഷ്ഠാന കലയിലെ സമുദാ യവിരുദ്ധത
(4) അനുഷ്ഠാന കലയിലെ സമൂഹ പ്രതിനിധാനം

98. 'ശർക്കരക്കുടം' സന്ധി ഏത് ?
(1) ആദേശം (2) ലോപം (3) ദ്വിത്വം (4) ആഗമം

99. പടയണിയിലെ വിനോദങ്ങൾ പ്രതിഫലിപ്പിക്കുന്നത് എന്ത് ?
(1) ജനങ്ങളുടെ സാമൂഹിക പരാങ്മുഖത
(2) ജനങ്ങളുടെ സാമൂഹിക സാംസ്കാരിക അധീശത്വം
(3) ജനങ്ങളുടെ സാംസ്കാരിക വിരുദ്ധത
(4) ജനങ്ങളുടെ സാമൂഹിക സാംസ്കാരികതകൾ

താഴെക്കൊടുത്തിട്ടുള്ള കാവ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(100-105)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

നിശ്ചലം നിത്യതപസ്സമാധിസ്ഥനായ്
നില്ക്കും ഹിമവാൻ തുറന്നു കൺപീലികൾ!
തന്റെ തോളത്തു ചവിട്ടും മനുഷ്യനെ
രണ്ടുകൈ നീട്ടിപ്പുണർന്നൂ പിതാമഹൻ!
ചൊല്ലീ ഹിമവാൻ: '' അശോകന്റെ നാട്ടിലെ
വെന്നിക്കൊടിക്കൂറ'' കണ്ടുകൊള്ളട്ടെ ഞാൻ.
ചങ്ങലപ്പാടും പടവാൾത്തഴമ്പുമീ
നിൻകൈയിലില്ലേ, വിടരുന്ന പൂക്കളും?
ആളിജ്ജ്വലിച്ചു തിളച്ചുരുകും, സൂര്യ-
ഗോളത്തിൽനിന്നുമടർന്ന തീത്തുള്ളിയായ്,
ദൂരേത്തെറിച്ചുവീ,ണിപ്രപഞ്ചം തണു-
ത്താറി മറ്റൊന്നായി മാറിയ നാൾമുതൽ,
ഉണ്ടെനിക്കോർമ്മ, യുഗസഹസ്രങ്ങളിൽ-
ക്കണ്ടതാണെത്ര പരിണാമലീലകൾ!
എൻമെയ് വിയർപ്പുപ്പുനീരിക്കടലുകൾ;
എൻ കണ്ണുനീരീ മഹാനദശ്രേണികൾ!
ഇന്നലത്തെപ്പോലെ ഞാനോർപ്പൂ: ഗംഗയും
സിന്ധുവും യാങ്ട്സിയുമുണ്ടായ നാളുകൾ!

100. 'കൂമ്പുന്ന' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഈ കാവ്യഭാഗത്തുള്ള വാക്ക് ?
(1) പുണർന്ന (2) വീഴുന്ന (3) വിടരുന്ന (4) ഉരുകുന്ന

**101.** സമാധിയിൽ കഴിയുന്നാതാര് ?

(1) മനുഷ്യൻ (2) അശോകൻ (3) സൂര്യൻ (4) ഹിമാലയം

**102.** ഈ കവിത എഴുതുവാൻ കവിക്കുണ്ടായ പ്രേരണ എന്തായിരുന്നു ?

(1) മനുഷ്യൻ എവറസ്റ്റ് കണ്ടത്

(2) മനുഷ്യൻ ചന്ദ്രനെ വർണിച്ചത്

(3) മനുഷ്യൻ എവറസ്റ്റ് കീഴടക്കിയത്

(4) മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയത്

**103.** കൈനീട്ടിപ്പുണർന്നത് ആരെ ?

(1) ഗംഗയെ (2) മനുഷ്യനെ (3) പിതാമഹനെ (4) സിന്ധുവിനെ

**104.** 'ജയം' എന്ന അർത്ഥത്തിൽ ഈ കവിതയിലുള്ള വാക്ക് ?

(1) ലീല (2) വെന്നി (3) പടവാൾ (4) ഗോളം

**105.** 'തീത്തുള്ളി' എന്നതിലെ സന്ധി ?

(1) ആദേശം (2) ലോപം (3) ദ്വിത്വം (4) ആഗമം

**106.** 'വിഭവങ്ങളുടെ സാധുത' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(1) കുട്ടികൾ വീട്ടിൽനിന്നു കൊണ്ടുവരുന്ന വിഭവങ്ങൾ.

(2) ടീച്ചർ തന്റെ ക്ലാസ്സിനു വേണ്ടി എഴുതിയ വിഭവങ്ങൾ.

(3) അധികൃതർ വികസിപ്പിച്ചെടുത്തതോ എഴുതിയതോ ആയ വിഭവങ്ങൾ.

(4) യഥാതഥ ജീവിത സന്ദർഭങ്ങളിൽ വികസിപ്പിച്ചെടുത്തതോ എഴുതിയതോ ആയ വിഭവങ്ങൾ.

**107.** 5-ാം ക്ലാസ് വിദ്യാർത്ഥിനിയായ അപർണ മനസ്സിലാക്കി, ഒരു ഭാഷണത്തിന്റെയോ ഓഡിയോയുടെയോ അർത്ഥം മനസ്സിലാക്കുക എന്ന പഠനത്തിൽ ഓരോ ശബ്ദവും വാക്കുകളും വാക്യങ്ങളും ശ്രവിക്കേണ്ടതുണ്ടെന്ന്. ശ്രവണപഠനത്തിനവൾ വിശ്വസിച്ച സമീപനവും തന്ത്രവും ഏതായിരുന്നു?

(1) മേൽകീഴ്സമീപനവും കീഴ്-മേൽസമീപനവും രണ്ടുമല്ല

(2) മേൽകീഴ്സമീപനം

(3) കീഴ്-മേൽസമീപനം

(4) മേൽകീഴ്സമീപനവും കീഴ്-മേൽസമീപനവും

**108.** ഭാഷാപഠനത്തിലെ സമ്പ്രദായ നൈപുണി ക്ഷമത എന്നാലെന്ത് ?

(1) എല്ലാ മനുഷ്യർക്കും വിവിധ ഭാഷകൾ ഗ്രഹിക്കാനൊരു സമ്പ്രദായമുണ്ടെന്ന് തിരിച്ചറിയുന്നു.

(2) ഒരു സമ്പ്രദായമായി ഭാഷയെ ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

(3) ഒരു വ്യാകരണ സമ്പ്രദായമായി ഭാഷകളെ ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

(4) എല്ലാ ഭാഷകൾക്കും പൊതുവായ ഒരു ഘടനാസമ്പ്രദായം ഉണ്ടെന്ന് ഗ്രഹിക്കുന്നു.

**109.** ഇവിടെയുള്ളത് പാഠമോ അതല്ലെങ്കിൽ പ്രസ്താവനകളോ ആണ്. ഈ പാഠം പ്രതിനിധാനം ചെയ്യുന്നത് ഏത് ഭാഷാരജിസ്റ്ററിനെയാണ് ?

ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിയെയും തുല്യമായി അംഗീകരിക്കുന്നു, ഇതിനർത്ഥം, ഭാരതത്തിലെ എല്ലാ വ്യക്തികളും ആണും പെണ്ണും ഉൾപ്പെടെ, സകലജാതികളുമുൾപ്പെടെ,മതം,ആദിവാസികൾ വിദ്യാഭ്യാസപരവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുൾപ്പെടെ തുല്യരാണ് എന്നാണ് ഈ പറഞ്ഞതിനർത്ഥം. അസമത്വം നിലനില്ക്കുന്നില്ലെന്നല്ല. എന്നിരുന്നാലും ജനാധിപത്യ ഭാരതത്തിൽ തുല്യത എന്ന തത്വം എല്ലാ വ്യക്തികളെയും അംഗീകരിക്കുന്നുവെന്നുതന്നെയാണ്.

(1) ശാസ്ത്രീയമായ രജിസ്റ്റർ

(2) വിവേകപൂർണ്ണമായ രജിസ്റ്റർ

(3) സാമൂഹ്യശാസ്ത്ര രജിസ്റ്റർ

(4) നിയമപരമായ രജിസ്റ്റർ

**110.** പഠിതാക്കളെ ഉന്മേഷത്തിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 6-ാം ക്ലാസിലെ ടീച്ചർ അവർ വായിക്കേണ്ട പുസ്തകത്തെ അധികരിച്ച് പൂർവജ്ഞാനത്തെയും അനുഭവത്തെയും ചേർത്തുകൊണ്ട് ഒരു നിയോഗം ആരംഭിച്ചു. വായിക്കുന്ന പുസ്തകത്തിലെ രേഖാചിത്രങ്ങൾ നോക്കാൻ പഠിതാക്കളോട് ആവശ്യപ്പെട്ടു. അതിനു ശേഷമാണ് അവർ പഠിപ്പിക്കുന്നത്. തന്റെ പഠിതാക്കളിൽ നിന്ന് അവർ ആവശ്യപ്പെടുന്നത് എന്താണ് ?

(1) രേഖാചിത്രങ്ങൾ ഗ്രഹിക്കുവാൻ തയ്യാറാക്കുക.

(2) രേഖാചിത്രങ്ങളിലൂടെ കഥയെ ദൃശ്യവത്കരിക്കുക.

(3) രേഖാചിത്രങ്ങൾ ആസ്വദിക്കുക.

(4) വായിക്കുന്ന പാഠത്തെക്കുറിച്ച് അനുമാനിക്കുക.

**111.** പഠിതാക്കളുടെ പഠനത്തിന്റെ നിരന്തര രേഖയെ വിളിക്കുന്നതെന്ത് ?

(1) നിർണയന പരിശോധന

(2) നിർമിതിമാതൃക

(3) നിരന്തര സമഗ്ര മൂല്യ നിർണയനം

(4) സാമർത്ഥ്യ മൂല്യ നിർണയനം

**112.** ഇവയിൽ 'സ്വീകാര്യനൈപുണി' എന്നറിയപ്പെടുന്നത് ഏത് ?

(1) ശ്രവണവും വായനയും (2) ശ്രവണവും എഴുത്തും

(3) വായനയും ഭാഷണവും (4) ഭാഷണവും എഴുത്തും

**113.** ജോലിക്കായി വിദേശത്തു പോകുന്ന ധാരാളം ഇന്ത്യക്കാർ അവിടങ്ങളിലെ ഭാഷ പഠിക്കാറുണ്ട്. ഈ പ്രചോദനം അറിയപ്പെടുന്നത് എന്ത് ?

(1) തന്ത്രപരമായ നൈപുണി

(2) ഉദ്ഗ്രഥന പ്രചോദനവും ഉപകരണ പ്രചോദനവും

(3) ഉദ്ഗ്രഥന പ്രചോദനം

(4) ഉപകരണ പ്രചോദനം

**114.** താഴെക്കൊടുത്തതിൽ ക്ലാസ്സിക്കൽ ഭാഷയല്ലാത്തത് ഏത് ?

(1) ഹിന്ദി (2) തമിഴ് (3) സംസ്കൃതം (4) തെലുങ്ക്

**115.** വിദേശഭാഷാ പഠനവുമായി ബന്ധപ്പെട്ട്, ദേശീയ വിദ്യാഭ്യാസനയം 2020 നോട് ശരിയാവാത്ത പ്രസ്താവന ഏത് ?

(1) അധിക ഐച്ഛികമായി നിർദ്ദേശിക്കപ്പെട്ട ഭാഷകളിലൊന്ന് ഫ്രഞ്ചാണ്.

(2) വിദേശഭാഷാ പഠനം സെക്കണ്ടറിതലത്തിൽ അധിക ഐച്ഛികമാണ്.

(3) ത്രിഭാഷാ സമവാക്യത്തിലെ ഭാഷകളിലൊന്നായി വിദേശഭാഷാപഠനം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(4) ത്രിഭാഷാസമവാക്യത്തിലെ പഠനത്തിനുള്ളിൽ വരുന്ന മൂന്നുഭാഷകളിൽ വിദേശഭാഷ ഉൾപ്പെടുന്നില്ല.

**116.** 'ഭാഷയെ കുറിച്ചുള്ള പഠനം' ഏതിലാണ് സൂചിപ്പിച്ചിട്ടുള്ളത് ?

(1) തന്ത്രപരമായ നൈപുണിയിൽ (2) പ്രഖ്യാപിത വ്യാകരണത്തിൽ

(3) പ്രക്രിയാപരമായ അറിവിൽ (4) വ്യാകരണപരമായ അറിവിൽ

117. ഭാഷണപ്രവൃത്തിയുമായി ബന്ധപ്പെട്ട് 6-ാം ക്ലാസ്സിലെ ഒരു ടീച്ചർ ഒരു നിയോഗം വികസിപ്പിച്ചെടുത്തു.

മരുഭൂമിയെ കുറിച്ചും അവിടത്തെ കാലാവസ്ഥാ സാഹചര്യങ്ങളെയും കുറിച്ച് അഞ്ചുവാക്യങ്ങൾ പറയുക. ഇതൊരു നല്ലനിയോഗമോ ചീത്തനിയോഗമോ ? നിങ്ങളുടെ പ്രതികരണവും ആ പ്രതികരണത്തിന്റെ കാരണവും തിരെഞ്ഞെടുക്കുക.

(1) ഇതൊരു നല്ല നിയോഗമല്ല. മരുഭൂമിയെ കുറിച്ചും അവിടത്തെ കാലാവസ്ഥാ സാഹചര്യത്തെ കുറിച്ചും സംസാരിക്കുവാനും നിരീക്ഷണം പങ്കുവെക്കുവാനും പറ്റിയ സാഹചര്യമില്ലിവിടെ.

(2) ഇതൊരു നല്ല നിയോഗമാണ്. കാരണം പഠിതാക്കൾ മരുഭൂമിയെ കുറിച്ച് ഭൂമിശാസ്ത്രക്ലാസ്സിൽ പഠിക്കുകയും അവയെ കുറിച്ച് പഠന നിരീക്ഷണങ്ങൾ പറയുകയും ചെയ്യുന്നു.

(3) ഇതൊരു നല്ല നിയോഗമാണ്. കാരണം പഠിതാക്കളെ മരുഭൂമിയെ കുറിച്ച് എന്തെങ്കിലുമൊക്കെ സംസാരിക്കാൻ ഇടവരുത്തുന്നു.

(4) ഇതൊരു നല്ല നിയോഗമല്ല. കാരണം ചില പഠിതാക്കൾക്ക് മരുഭൂമിയെക്കുറിച്ചൊന്നും തന്നെ അറിയില്ല.

118. ഒരു ഭാഷയുടെ ഭാഷാഭേദവുമായി ശരിയാവുന്ന പ്രസ്താവന ഇവയിൽ ഏത് ?

(1) ചിലപ്പോൾ ഒരേ ഭാഷയിലെ വിവിധ ഭാഷാഭേദങ്ങൾ വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങൾക്ക് സംസാരിക്കാനാവും.

(2) പ്രദേശങ്ങൾ മാറുന്തോറും ഭാഷാഭേദങ്ങൾ വ്യത്യസ്തമാവാറുണ്ട്.

(3) ഒരു ഭാഷയിലെ തന്നെ വ്യത്യസ്ത ഭാഷാഭേദങ്ങൾ സംസാരിക്കുന്നവർക്ക് അതേ ഭാഷയിലെ ഇതരഭാഷാഭേദങ്ങൾ സംസാരിക്കുന്നവരെ ഗ്രഹിക്കാനാവും.

(4) ഭാഷാഭേദം ഒരു വലിയ വിഭാഗവും ഭാഷ ഒരു ചെറിയ വിഭാഗവുമാണ്

119. താഴെപ്പറയുന്ന നിയോഗങ്ങളിൽ ഉദ്ഗ്രഥന പ്രചോദന നൈപുണിയെ പ്രോത്സാഹിപ്പിക്കുന്നത് ഏത്?

(1) ലേഖനരചന (2) പാത്രനാട്യം

(3) അസൈൻമെന്റ് (4) പ്രോജക്റ്റ്‌വർക്ക്

120. വാക്യബന്ധ വ്യാകരണ പഠനത്തിൽ താഴെപ്പറയുന്ന തന്ത്രം അറിയപ്പെടുന്നത് എങ്ങനെ ? വാക്യബന്ധത്തിൽ ഭാഷാവിഭവങ്ങൾ അവതരിപ്പിക്കൽ, പഠിതാക്കളെ ഭാഷാവിഭാഗങ്ങൾ അറിയിക്കൽ, യഥാർത്ഥ ജീവിതത്തിൽ ഉപയോഗിക്കുവാനായി അവരെ തയ്യാറാക്കൽ, പഠിതാക്കളുടെ ശ്രദ്ധ, രൂപം കണ്ടെത്തുന്നതിലേയ്ക്ക് നയിക്കുക. ഇവയിലേതാണത് ?

(1) അവബോധ വികാസം (2) രൂപരേഖാ നിർമാണം

(3) നിഗമന സമ്പ്രദായം (4) കണ്ടെത്തൽ സമ്പ്രദായം

**ഭാഷ - II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

## PART-V
## LANGUAGE-II
## MALAYALAM

| |
|---|
| **ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക. |

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(121-128)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

അരവിന്ദന്റെ ഏറ്റവും മൗലികവും വിപ്ലവകരവുമായ സംഭാവന മാനവ പരിണാമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനമായിരുന്നു. പരിണാമസിദ്ധാന്തത്തിൽ അദ്ദേഹം വിശ്വസിച്ചു. എന്നാൽ പാശ്ചാത്യ ഭൗതിക ശാസ്ത്രത്തിന്റെ സൃഷ്ടിയായ ഡാർവിന്റെ പരിണാമ വാദമല്ലായിരുന്നു അരവിന്ദന്റേത്. യുഗയുഗാന്തരങ്ങളായി പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന സൃഷ്ടിയിലെ പരിണാമ പ്രക്രിയയെ ത്രികാല ദൃഷ്ടിയോടെ അരവിന്ദൻ വീക്ഷിച്ചു. മനുഷ്യനാണ് ഇന്നോളമുള്ള പരിണാമ ശൃംഖലയിലെ അവസാനത്തെ കണ്ണി എന്നത് ശരി തന്നെ. പക്ഷേ സമഗ്രവും സസൂക്ഷ്മവുമായി പരിശോധിക്കുമ്പോൾ മനുഷ്യൻ പരിണാമത്തിലെ ഒരു അന്തരാള ഘടകം മാത്രമാണെന്ന് കാണാം. ബുദ്ധിയുടെയും അതിന്റെ സൃഷ്ടിയായ ശാസ്ത്ര സാങ്കേതിക സിദ്ധിയുടെയും ബലം കൊണ്ട് മനുഷ്യൻ ഇന്ന് അജയ്യനാണ്. പക്ഷെ ആ അജയ്യത തന്നെ അവന് ശാപമായിത്തീർന്നിരിക്കുന്നു. ബുദ്ധി തന്നെയാണ് മനുഷ്യന്റെ ഏറ്റവും വലിയ ശത്രു. അതിന്മേൽ കെട്ടിപ്പടുത്ത ഭൗതിക നാഗരികതയിൽ വിനാശത്തിന്റെ വിത്തുകൾ അടങ്ങിയിരിക്കുന്നു.

ബുദ്ധികൊണ്ടുമാത്രം അതിന് പ്രതിവിധി കാണാൻ സാധ്യമല്ല. മറ്റെല്ലാജീവികളെയും അപേക്ഷിച്ച് ബുദ്ധിശക്തിയിൽ ഉയർന്നു നില്ക്കുന്ന മനുഷ്യൻ ബുദ്ധിക്കതീതമായ ഒരവബോധ തലത്തിലേയ്ക്ക് പരിണമിക്കുമ്പോൾ മാത്രമേ നാമിന്നു നേരിടുന്ന സമസ്യകൾക്ക് പ്രതിവിധി കൈവരിക്കാനാവൂ. അത്തരം ഒരു പരിണാമം അനിവാര്യവും ഏറെക്കുറെ സുനിശ്ചിതവുമാണെന്ന് അരവിന്ദൻ വിശ്വസിച്ചു. മൃഗങ്ങളിൽ നിന്ന് മനുഷ്യൻ എത്ര കണ്ട് ഉയർന്നവനാണോ അത്രകണ്ട് മനുഷ്യരിൽ നിന്ന് ഉയർന്നവരായ ജീവികളുടെ ഒരു പുതിയ വംശം ഉണ്ടായേ തീരൂ. ബോധതലത്തിലുള്ള ഗുണപരമായ പരിണാമം കൊണ്ടാണത് സംഭവിക്കേണ്ടത്. മൃഗങ്ങളെപ്പോലെ മനുഷ്യൻ പ്രകൃതിയുടെ കളിപ്പാട്ടമല്ല.

**121.** അരവിന്ദന്റെ പ്രമുഖ സംഭാവന എന്ത് ?

(1) പരിണാമ സിദ്ധാന്തം
(2) പരിണാമപ്രക്രിയ
(3) ശാസ്ത്രസാങ്കേതിക സിദ്ധി
(4) മാനവ പരിണാമ ദർശനം

**122.** ഡാർവിന്റെയും അരവിന്ദന്റെയും പരിണാമ വാദങ്ങൾ:

(1) പലതാണ്
(2) ഒന്നുതന്നെ
(3) രണ്ടാണ്
(4) രണ്ടല്ല

**123.** മനുഷ്യന്റെ മുഖ്യശത്രു ?

(1) ശാസ്ത്രം (2) ബലം (3) സിദ്ധി (4) ബുദ്ധി

**124.** ' ഒഴിവാക്കേണ്ടാത്തത് ' എന്ന അർത്ഥത്തിൽ ഈ ഗദ്യഭാഗത്തുള്ള വാക്ക് ഏത് ?

(1) പരിണാമം (2) ഗുണപരം

(3) അനിവാര്യം (4) അവബോധം

**125.** വർത്തമാനകാല സമസ്യകൾക്ക് പ്രതിവിധി എന്ത് ?

(1) മനുഷ്യന് ബുദ്ധിക്കുപരിയായ അവബോധമുണ്ടാക്കൽ

(2) മനുഷ്യന് ബുദ്ധിക്ക് അധീനമായ അവബോധമുണ്ടാക്കൽ

(3) മനുഷ്യന് ബുദ്ധിക്ക് ഒപ്പമായ അവബോധമുണ്ടാക്കൽ

(4) മനുഷ്യന് ബുദ്ധിയില്ലാത്ത അവബോധമുണ്ടാക്കൽ

**126.** ഈ ഗദ്യഖണ്ഡത്തിൽ വിവരിക്കുന്ന വിഷയത്തിന്റെ സ്വഭാവം ?

(1) ശാസ്ത്രീയം (2) ഭൗതികം (3) രാഷ്ട്രീയം (4) ദാർശനികം

**127.** 'സസൂക്ഷ്മം' എന്നതിനർത്ഥം ?

(1) സൂക്ഷ്മത ഇല്ലാതെ (2) സൂക്ഷ്മത വേണ്ടാത്ത

(3) സൂക്ഷ്മതയോട് കൂടി (4) സുരക്ഷയോട് കൂടി

**128.** 'കളിപ്പാട്ടം' എന്നതിലെ സന്ധി ?

(1) ആദേശം (2) ലോപം (3) ദ്വിത്വം (4) ആഗമം

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(129-135)** ശരിയുത്തരം തിരഞ്ഞെടുത്ത് ഉത്തരം എഴുതുക.

ഉത്തരകേരളത്തിൽ രൂപംപൂണ്ട കൃഷ്ണനാട്ടം തെക്കൻദിക്കിൽ പ്രദർശിപ്പിക്കാൻ കൊട്ടാരക്കര ത്തമ്പുരാൻ ആവശ്യപ്പെട്ടുവെന്നും, കൃഷ്ണനാട്ടം ആസ്വദിക്കാൻ കെല്പുള്ളവർ തെക്കൻദിക്കിലില്ലെന്നു പറഞ്ഞ് സാമൂതിരിപ്പാട് ആ ആജ്ഞ നിരസിച്ചുവെന്നുമാണ് ഐതിഹ്യം. അവമാനിതനായ കൊട്ടാരക്കരത്തമ്പുരാൻ, കൃഷ്ണനാട്ടത്തിനു ബദലായി രാമനാട്ടം ആവിഷ്കരിച്ചു. രാമായണകഥയുടെ നൃത്ത-നൃത്യ-നാട്യയുക്തമായ ആ അവതരണം പില്ക്കാലത്ത് കഥകളിയായി രൂപാന്തരപ്പെട്ടു. രാമനാട്ടകാവ്യം, കൃഷ്ണഗീതിപോലെ സംസ്കൃതത്തിലല്ല, മലയാളത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്.

കഥകളിയുടെ മുഖ്യസ്വഭാവങ്ങൾ ഇനി സംഗ്രഹിക്കാം. വാചികാഭിനയമില്ലെന്നതാണ് ഒരു പ്രധാന സവിശേഷത. ഗായകരുടെ ആലാപനത്തിനനുസൃതമായി മുദ്രാഭിനയവും മുഖഭാവാഭിനയവും മുഖേന അവതരിപ്പിക്കുന്നു. നടന്മാരുടെ ആഹാര്യാഭിനയത്തിനും അതതിന്റേതായ പ്രധാന്യമുണ്ട്. പച്ച, കത്തി, താടി, മിനുക്ക് എന്നിങ്ങനെ പല വേഷങ്ങൾ കഥകളിയിലുണ്ട്. സാത്വികപ്രധാനികൾക്കാണ് പച്ചവേഷം. ഇന്ദ്രാദിദേവന്മാർ, പാണ്ഡവന്മാർ, ശ്രീ കൃഷ്ണൻ തുടങ്ങിയവർക്ക് പച്ചവേഷം വിധിച്ചിരിക്കുന്നു. രാവണൻ, കംസൻ, ശിശുപാലൻ മുതലായ ദുഷ്ടകഥാപാത്രങ്ങൾക്കു കത്തി; ദുശ്ശാസനൻ, ബകൻ തുടങ്ങിയവർക്ക് താടി; ആധ്യാത്മികഭാവവും സാരള്യവും കല്പിക്കുന്നവർക്ക് മിനുക്കും. രാക്ഷസികളൊഴികെയുള്ള സ്ത്രീകഥാപാത്രങ്ങൾക്കും ഋഷിമാർക്കും മിനുക്കാണ്.

**129.** ഈ ഗദ്യഭാഗത്തിന്റെ പ്രമേയസ്വഭാവം ?

(1) ഭാഷാചരിത്രം
(2) സാമൂഹ്യചരിത്രം
(3) കലാചരിത്രം
(4) ദേശചരിത്രം

**130.** 'പകരം' എന്ന അർത്ഥത്തിൽ ഇവിടെക്കാണുന്ന വാക്ക് ഏത് ?

(1) രൂപം (2) കെൽപ്പ് (3) ബദൽ (4) കാവ്യം

**131.** കൃഷ്ണഗീതീ രചിച്ചത് ?

(1) തെക്കൻദിക്കിൽ
(2) സംസ്കൃതത്തിൽ
(3) മലയാളത്തിൽ
(4) ഐതിഹ്യത്തിൽ

**132.** കഥകളിയിലെ അഭാവം ?

(1) വാചികാഭിനയം
(2) ആഹാര്യാഭിനയം
(3) ഭാവാഭിനയം
(4) മുദ്രാഭിനയം

**133.** 'പില്ക്കാലം' എന്നതിലെ സന്ധി ?

(1) ആദേശം (2) ലോപം (3) ആഗമം (4) അലുപ്തം

**134.** കൃഷ്ണനാട്ടത്തിന് തെക്കൻദിക്കിൽ പ്രദർശനാനുമതി നിഷേധിച്ചത് ആര് ?

(1) കൊട്ടാരക്കരത്തമ്പുരാൻ (2) ശിശുപാലൻ

(3) ശ്രീകൃഷ്ണൻ (4) സാമൂതിരി

**135.** മിനുക്കുവേഷത്തിൽ ഇല്ലാത്തത് ?

(1) വിശ്വാമിത്രൻ (2) രാക്ഷസികൾ (3) സ്ത്രീകൾ (4) വസിഷ്ഠൻ

**136.** പിറവിതൊട്ടേ അശ്വിന് ഒറിയയറിയാം. പിന്നീട് ഇംഗ്ലീഷും ഹിന്ദിയും പഠിച്ചു. ഈ പ്രസ്താവന അടിസ്ഥാനപ്പെടുത്തി താഴെ പറഞ്ഞതിൽ ശരിയല്ലാത്തതേതെന്ന് കണ്ടുപിടിക്കുക.

(1) അവന്റെ ഇംഗ്ലീഷ്പഠനം ഭാഷാർജ്ജനമാണ്

(2) അവന്റെ ഒറിയാപഠനം ഭാഷാർജ്ജനമാണ്

(3) അവന്റെ ഹിന്ദിപഠനം ഭാഷാപഠനമാണ്

(4) അവന്റെ ഇംഗ്ലീഷ്പഠനം ഭാഷാപഠനമാണ്

**137.** ഉപകരണപ്രചോദനം സംഭവിക്കുന്നത് എവിടെ ?

(1) ഒരു പുസ്തകം എഴുതാനായി ഒരു വ്യക്തി ഭാഷ പഠിക്കുമ്പോൾ.

(2) ജോലിയാവശ്യം പോലുള്ള ഉപയോഗപരമായ കാരണങ്ങൾ കൊണ്ട് ഒരു വ്യക്തി ഭാഷ പഠിക്കുമ്പോൾ.

(3) തദ്ദേശീയഭാഷകരുമായി കൂടുതൽ അടുപ്പമാവാൻ ഒരു വ്യക്തി ഭാഷ പഠിക്കുമ്പോൾ.

(4) മതപരവും സാമുദായികവും സാമൂഹികവുമായ ധർമങ്ങൾക്കായി ഒരു വ്യക്തി ഭാഷ പഠിക്കുമ്പോൾ.

**138.** ഇരട്ടകളായ കൃപയും കരണും മണിപ്പൂരി ഒരു പ്രത്യേക ഭാഷാഭേദമാണ് സംസാരിക്കാറുള്ളത്. എന്നിരുന്നാലും അവരുടെ ഭാഷണം വ്യത്യസ്തമാണ്. അവരുടെ ഭാഷാഭേദത്തോടുകൂടിയ വ്യക്തിഗത ഭാഷണത്തെ വിളിക്കുന്നത് എന്താണ് ?

(1) മണിപ്പൂരി (2) വ്യക്തിഭാഷ

(3) ഭാഷാഭേദം (4) ഭാഷണ പ്രവൃത്തി

**139.** ഭാരത ഭരണ ഘടനയിൽ ഇംഗ്ലീഷ്ഭാഷയ്ക്ക് നല്കപ്പെട്ടിട്ടുള്ള പദവി എന്ത് ?

(1) നിയമപരമായി സ്ഥാപിതമായ സമിതികളുടെ ഭാഷ

(2) ഔദ്യോഗികഭാഷ

(3) ബന്ധഔദ്യോഗികഭാഷ

(4) വിദേശഭാഷ

**140.** ഒരു വിദ്യാർത്ഥിയുടെ വ്യക്തിഗതവും സവിശേഷവുമായ ബലദൗർബല്യങ്ങൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിശോധന അറിയപ്പെടുന്നത് ഏത് പേരിൽ ആണ് ?

(1) രൂപവത്കരണ പരിശോധന (2) വസ്തുനിഷ്ഠ പരിശോധന

(3) സാധുതാ പരിശോധന (4) നിർണയനാത്മക പരിശോധന

**141.** പാസ്റ്റ് പെർഫക്റ്റ് ടെൻസിന്റെ തത്വങ്ങൾ അദിതിക്കറിയാം. എന്നാൽ ഒരു സന്ദർഭത്തിൽ അത് ഉപയോഗിക്കാനാവുന്നില്ല. ഏതറിവാണ് അവൾക്ക് സ്വന്തമായുള്ളത് ?

(1) അറിവിന്റെ പ്രയോഗം (2) ഭാഷാർജ്ജനത്തിനുള്ള ഉപാധി

(3) പ്രക്രിയാജ്ഞാനം (4) സുസ്പഷ്ടജ്ഞാനം

**142.** ഭാഷയെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത് ?

(1) ചില ഭാഷകൾക്ക് ചരിത്രവും എഞ്ചിനീയറിംഗും മാത്രമേ വിനിമയം ചെയ്യാൻ സാധിക്കൂ.

(2) ഭാഷ സ്വത്വത്തെ ആവിഷ്കരിക്കുന്നു

(3) ചരിത്രത്തിന്റെ ഖജനാവാണ് ഭാഷ

(4) മനുഷ്യജ്ഞാനത്തിലേക്ക് ആകമാനം ഭാഷ സംഭാവനയേകുന്നു.

**143.** ഒരു ഭാഷാപ്രോജക്റ്റ് പ്രവൃത്തി ക്ലാസ്സ്മുറിയിൽ ചെയ്യുമ്പോഴും രൂപകല്പനയിൽ മുഴുകുമ്പോഴും ക്രമത്തിൽ ഏതൊക്കെ ഘട്ടങ്ങളാണ് അതിലുണ്ടാവുക ?

(1) തങ്ങൾക്കിഷ്ടപ്പെട്ട വിധത്തിൽ ടീച്ചറിനും പഠിതാക്കൾക്കും പ്രോജക്റ്റ് പ്രവൃത്തി ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമാവും

(2) ഗ്രൂപ്പ് രൂപീകരണം, ആസൂത്രണം, വിവര ശേഖരണം, വിവര വ്യാഖ്യാനം, നക്കലെഴുത്ത്, വിഷയ നിർണയനം, അന്തിമറിപ്പോർട്ട് തയ്യാറാക്കൽ.

(3) ഗ്രൂപ്പ് രൂപീകരണം, വിഷയ നിർണയനം, ആസൂത്രണം, വിവര ശേഖരണം, വിവര വ്യാഖ്യാനം, നക്കലെഴുത്തും, അന്തിമറിപ്പോർട്ട് തയ്യാറാക്കലും.

(4) ഗ്രൂപ്പ് രൂപീകരണം, വിഷയ നിർണയനം, ആസൂത്രണം, വിവര ശേഖരണം,നക്കൽ തയ്യാറാക്കൽ, വിവര വ്യാഖ്യാനം, അന്തിമറിപ്പോർട്ട് തയ്യാറാക്കൽ.

**144.** മേൽകീഴ് സമീപനം ശ്രവണത്തിൽ പങ്കുചേരുന്നത് എപ്രകാരമാണ് ?

(1) ഓരോ ശബ്ദവും വാക്കുകളും പദസമുച്ചയങ്ങളും നാമവിശേഷണങ്ങളും വാക്യങ്ങളും ശ്രവിക്കുക.

(2) സവിശേഷ വിശദാംശങ്ങൾക്ക് ശ്രദ്ധ നല്കുക.

(3) പാഠത്തിന്റെയോ ഓഡിയോയുടെയോ ഭാഷണത്തിന്റെയോ സാരാംശം ശ്രവിക്കുക.

(4) പാഠത്തിന്റെയോ ഓഡിയോയുടെയോ ഭാഷണത്തിന്റെയോ ആകെക്കൂടിയുള്ള സന്ദേശം ശ്രവിക്കുക

**145.** ഏഴാംക്ലാസ്സിലെ ടീച്ചർ ഒരു വ്യക്തിഗത വിവരണം എഴുതുവാനുള്ള നിയോഗം പഠിതാക്കൾക്ക് നല്കുവാൻ ആഗ്രഹിച്ചു. ക്ലാസ്റൂമിന് പുറത്തുപോയി സാധനങ്ങൾ കൊണ്ടുനടന്നു വില്പന നടത്തുന്ന ഒരാളെ അയാളുടെ ബാസ്കറ്റ് ഉൾപ്പെടെ ക്ലാസ്സിലേയ്ക്ക് ടീച്ചർ കൂട്ടിക്കൊണ്ടുവന്നു. ഏകദേശം ഏഴു മിനിറ്റ് അവിടെത്തന്നെ തുടരാൻ ടീച്ചർ അയാളോട് അപേക്ഷിച്ചു. പഠിതാക്കൾ ജോഡിയായി തിരിഞ്ഞ് പ്രവർത്തിച്ച് ആ വ്യക്തിയെ കുറിച്ച് വിവരണം തയ്യാറാക്കുവാൻ ടീച്ചർ ആവശ്യപ്പെട്ടു. ഈ പ്രവൃത്തിയിൽ വില്പനക്കാരൻ അറിയപ്പെടുന്നത് എപ്രകാരമാണ് ?

(1) പഠന വിഭവം

(2) ടീച്ചിംഗ് അസിസ്റ്റന്റ്

(3) സാധനങ്ങൾ കൊണ്ടുനടന്നു വില്പന നടത്തുന്ന വ്യക്തി

(4) പ്രവൃത്തിയിൽ പങ്കാളിയായ വ്യക്തി

**146.** അധികാരം, സ്വത്വം, സമുദായം എന്നിവയെ കുറിച്ചുള്ള ധാരണയോടെ ഒരു പാഠത്തിലാവിഷ്കൃതമായത് വായിക്കുവാൻ 7-ാം ക്ലാസ്സിലെ ടീച്ചർ പഠിതാക്കളോട് ആവശ്യപ്പെട്ടു. പഠിതാക്കളിൽ എന്തു പ്രോത്സാഹിപ്പിക്കുവാനാണ് ടീച്ചർ ലക്ഷ്യമിട്ടത് ?

(1) സാഹിതീയനൈപുണികൾ (2) ഭാഷാസാക്ഷരത

(3) വിമർശനസാക്ഷരത (4) അപഗ്രഥനാത്മകവായന

**147.** താഴെക്കൊടുത്തവയിൽ ക്ലാസിക്കൽ ഭാഷാ പഠനവുമായി ബന്ധപ്പെട്ട ദേശീയ വിദ്യാഭ്യാസനയം -2020 ലുള്ളതിൽ ചേരുന്ന ശരിയായ പ്രസ്താവന ഏത് ?

(1) ക്ലാസിക്കൽ ഭാഷാപഠനം കേന്ദ്രവിഷയമായി സെക്കണ്ടറിതലത്തിൽ ഉൾപ്പെടുത്തുന്നു.

(2) സെക്കണ്ടറിതലത്തിൽ ക്ലാസിക്കൽ ഭാഷാപഠനം അധിക ഐച്ഛിക വിഷയമായി ഉൾപ്പെടുത്തുന്നു.

(3) ത്രിഭാഷാ സമവാക്യത്തിൻ കീഴിൽ ക്ലാസിക്കൽ ഭാഷാപഠനം ഐച്ഛിക വിഷയമായി ഉൾപ്പെടുത്തുന്നു.

(4) ഔപചാരിക പഠന ഘട്ടത്തിന് മുൻപുള്ള ഘട്ടത്തിൽ തന്നെ ക്ലാസിക്കൽ ഭാഷാപഠനം തുടങ്ങാം.

**148.** ഇതാ ഒരു പാഠം. വായിച്ച ശേഷം ഈ പാഠം ഏത് ഭാഷാരജിസ്റ്ററിൽ ഉൾപ്പെടുന്നുവെന്ന് കണ്ടെത്തുക.

വിപ്ലവാനന്തരം പൊടുന്നനെ ഇതിന് മാറ്റം വരാൻ സാധ്യതയുണ്ടെന്ന് തോന്നിത്തുടങ്ങി, ആരാണ് സാമൂഹികാധികാരം നിയന്ത്രിക്കുന്നതെന്ന ഉതുൾപ്പെടെ വ്യക്തിയുടെ അവകാശങ്ങളെ കുറിച്ചുള്ള പുതിയ ആശയങ്ങൾ യൂറോപ്പിലും ഏഷ്യയിലുമടക്കം ലോകത്തെ പല സ്ഥലങ്ങളിലും ചർച്ചയായി. രാജാറാം മോഹൻറോയിയും ഡെറോസിയയും മറ്റും ഇന്ത്യയിൽ ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. സാമൂഹ്യ പരിവർത്തന സംബന്ധിയായ ആശയങ്ങൾ കോളനികളിലുണ്ടായ പുതിയ മാറ്റങ്ങൾക്കൊപ്പം ശക്തിപ്പെട്ടു.

(1) വിപ്ലവ രജിസ്റ്റർ (2) ശാസ്ത്ര രജിസ്റ്റർ

(3) രാഷ്ട്രീയ രജിസ്റ്റർ (4) സാമൂഹിക ശാസ്ത്ര രജിസ്റ്റർ

**149.** ''ഭാഷാമൂല്യ നിർണയനം പൊതുവെ സ്വീകാര്യ നൈപുണിക്ക് പ്രാധാന്യം നല്കാറില്ല''. സുഭാഷെന്ന 8-ാം ക്ലാസ്സിലെ ടീച്ചർ ഖേദം പ്രകടിപ്പിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. 'സ്വീകാര്യനൈപുണി' എന്നതു കൊണ്ട് അദ്ദേഹം അർത്ഥമാക്കിയത് എന്ത് ?

(1) ഭാഷണവും എഴുത്തും (2) ശ്രവണവും എഴുത്തും

(3) ഭാഷണവും വായനയും (4) ശ്രവണവും വായനയും

**150.** ഭാഷ ഒരു വ്യവസ്ഥയാണെന്ന് പഠിതാവറിഞ്ഞ് പ്രയോഗിക്കുന്നതെന്ത് ?

(1) തന്ത്രപരമായ നൈപുണി

(2) ആശയ വിനിമയ നൈപുണി

(3) വ്യവസ്ഥാപര നൈപുണി

(4) സാമൂഹികഭാഷാ ശാസ്ത്ര നൈപുണി

**- o O o -**

SPACE FOR ROUGH WORK

**താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലുപക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. OMR ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ OMR ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും OMR ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കേസുകൾ OMR ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും OMR ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ OMR ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस OMR उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक OMR उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं OMR उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं OMR उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/OMR उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना OMR उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने OMR उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और OMR उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व OMR उत्तर पत्र निरीक्षक को अवश्य सौंप दें।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the OMR Answer Sheet is not folded. Do not make any stray marks on the OMR Answer Sheet. Do not write your Roll No. anywhere else except in the specified space in the OMR Answer Sheet.
4. Handle the Test Booklet and OMR Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and OMR Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/OMR Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their OMR Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the OMR Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and OMR Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the OMR Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***